**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 243** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിയുള്ള കുട്ടികൾക്കായി റിസോഴ്സ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭിന്നശേഷിയുള്ള കുട്ടികൾക്കായി സ്കൂളുകൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന റിസോഴ്സ് സെന്ററുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. അക്കാദമിക മോണിട്ടറിംഗിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിലയിരുത്തൽ പ്രക്രിയ റിസോഴ്സ് സെന്ററുകളിൽ നടക്കുന്നു. കൂടാതെ ബി.ആർ.സികളുടെ നേതൃത്വത്തിൽ റിസോഴ്സ് സെന്ററുകൾക്ക് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കുകയും നിരന്തരം വിലയിരുത്തൽ നടത്തുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾക്ക് ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിച്ചത് എന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ആരോഗ്യപരവും, സാമൂഹ്യപരവുമായുള്ള മികവിനായി തുടർച്ചയായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുകയാണ് റിസോഴ്സ് സെന്ററുകളുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി സമഗ്ര ശിക്ഷ കേരളയിൽ നിയമിക്കപ്പെട്ട സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം റിസോഴ്സ് സെന്ററുകളിൽ നൽകി വരുന്നു. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം വഴി ഭിന്നശേഷി കുട്ടികൾക്ക് അക്കാദമികവും മാനസികവും ആയ പിന്തുണ ലഭിച്ചു വരുന്നു. |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി, ശാരീരികവും മാനസികവുമായ ആരോഗ്യം എന്നിവ ഉറപ്പുവരുത്തുന്നതിന് ഇതിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ആരോഗ്യപരവും, സാമൂഹ്യപരവുമായുള്ള മികവിനായി തുടർച്ചയായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുകയാണ് റിസോഴ്സ് സെന്ററുകളുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി സമഗ്ര ശിക്ഷ കേരളയിൽ നിയമിക്കപ്പെട്ട സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം റിസോഴ്സ് സെന്ററുകളിൽ നൽകി വരുന്നു. കൂടാതെ രക്ഷിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ പരിപാടികളും, പഠനബോധന ഉപകരണങ്ങളുടെ സഹായത്തോടെ അക്കാദമിക പിന്തുണയും നൽകി വരുന്നു. അവശ്യം വേണ്ട സെന്ററുകളിൽ തെറാപ്പി |

| | | | |
|---|---|---|---|
| | | | സേവനം ഉൾപ്പെടെ ഭിന്നശേഷിയുടെ സ്വാഭാവം അനുസരിച്ച് വിവിധതരം സേവനങ്ങൾ ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ